Uncorrected / Not for publication

# ശ്രദ്ധക്ഷണിക്കൽ

## (1) ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, മണലാരണ്യങ്ങളിൽ പണിയെടുക്കുന്ന മുപ്പത്തിയഞ്ചുലക്ഷത്തോളം മലയാളികളാണ് നമ്മുടെ നാടിന്റെ ഐശ്വര്യം. ഹരിതാഭമായ കേരളത്തിന്റെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിൽ സുപ്രധാന പങ്ക് പ്രവാസികൾക്കാണ്. ലോക കുടിയേറ്റ ചരിത്രത്തിൽ ഈ കൊച്ചു ഭൂപ്രദേശത്തുള്ള മനുഷ്യർ രചിച്ചത് വീരഗാഥകളാണ്. മലേഷ്യയിൽ, സിലോണിൽ, ബർമ്മയിൽ, സിംഗപ്പൂരിൽ, യൂറോപ്പിൽ, അമേരിക്കയിൽ തുടങ്ങി എല്ലായിടങ്ങളിലും മലയാളിത്തം സവിശേഷമായ മുദ്രകളാണ് ചാർത്തിയത്. അമ്പതുകൾക്കൊടുവിലും അറുപതുകളിലും മണലാരണ്യത്തിലെ തിളക്കം ആദ്യം കണ്ടെത്തിയത് മലയാളികളായിരുന്നു. പത്തേമാരികളിലും ലോഞ്ചുകളിലും അവർ ജീവൻ പണയം വച്ച് അക്കരെയെത്തി. അറേബ്യൻ രാജ്യങ്ങളിലെ കത്തുന്ന വേനലിൽ മലയാളിയുടെ വിയർപ്പുതുള്ളികൾ അത്ഭുതങ്ങൾ സൃഷ്ടിച്ചു. ഊഷരമായ ഭൂമിയിൽ പൂക്കൾ വിരിയിക്കുന്നതിൽ ആദ്യകാല പ്രവാസികൾ സ്തുത്യർഹമായ പങ്ക് നിർവഹിച്ചു. അറബ് ജനതയുടെ മനസ്സിൽ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അതിരുകളില്ലാത്ത മായാമുദ്രകൾ അവർ ചാർത്തി. ഗൾഫ് രാജ്യങ്ങളിൽ കൂറ്റൻ കെട്ടിടങ്ങൾ ഉയരുമ്പോൾ ഇങ്ങ് കേരളത്തിലും പ്രതിഫലനങ്ങളുണ്ടായി. കാസർഗോഡും, മലപ്പുറത്തും, ചാവക്കാടും കേരളത്തിലാകെയും സാമൂഹ്യ സാമ്പത്തിക മേഖലയിൽ പ്രസരിപ്പിന്റെ പ്രഭ ചൊരിയാൻ പ്രവാസികൾക്കായി. കേരളത്തിനും ഇന്ത്യയ്ക്കും വിലപ്പെട്ട സംഭാവനകളാണ്

പ്രവാസികൾ അർപ്പിച്ചിട്ടുള്ളത്. ഏറ്റവും പുതിയ കണക്കനുസരിച്ച് 2011-ൽ 49,00,695 കോടി രൂപയാണ് വിദേശ മലയാളികൾ നാട്ടിലേക്കയച്ചത്. പ്രവാസി സമൂഹത്തോട് നമ്മുടെ ഭരണാധികാരികൾ കടുത്ത അനീതിയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. ഗൾഫ് സെക്ടറിലേയ്ക്ക് അന്യായമായി വിമാന ചാർജ് ഈടാക്കുന്നതിൽ നമ്മുടെ ഭരണാധികാരികൾക്ക് യാതൊരു മന:സാക്ഷി കുത്തുമില്ല. ഓണം-പെരുന്നാൾ സീസണുകളിൽ ലക്കും ലഗാനുമില്ലാതെ വിമാനക്കൂലി കൂട്ടിയിരുന്നു. ക്രിസ്തുമസ് സീസണിലും പുതിയ കൊള്ള നടക്കുകയാണ്. മുമ്പെല്ലാം വിമാനയാത്രാ പ്രശ്നം ഉന്നയിക്കുമ്പോൾ എയർ ഇന്ത്യയെ മാത്രമാണ് നമ്മളെല്ലാവരും കുറ്റപ്പെടുത്താറുള്ളത്. എന്നാൽ ഇപ്പോൾ സാക്ഷാൽ കേന്ദ്ര സർക്കാർ തന്നെ പ്രത്യക്ഷമായി നിൽക്കുകയാണ്. വിമാന ടിക്കറ്റിൻമേലുള്ള നിയന്ത്രണത്തിൽ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ) അയവ് വരുത്തിയതോടെ ഏത് കമ്പനിക്കും എങ്ങനെയുമാകാം എന്ന സ്ഥിതിയായിരിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള വിമാന ചാർജ് സങ്കൽപ്പിക്കാൻ കഴിയാത്ത തരത്തിൽ ഉയർന്നു വന്നിരിക്കുകയാണ്. തിരുവനന്തപുരം-ദുബായ് 30104 രൂപ, ദോഹ-33144 രൂപ, മസ്ക്കറ്റ്-33313 രൂപ, ജിദ്ദ-39876 രൂപ എന്നിങ്ങനെയാണ് ചാർജ്. ഇത് ഒരു ഭാഗത്തേക്ക് മാത്രമുള്ള ചാർജാണ്. അഞ്ചോ ആറോ മാസങ്ങൾക്കു മുമ്പ് ആറായിരവും ഏഴായിരവും രൂപയ്ക്ക് യു.എ.ഇ-യിൽ പോയി തിരുച്ചുവരാമായിരുന്ന അവസ്ഥയ്ക്കുപകരം ഇന്ന് താങ്ങാൻ പോലും കഴിയാത്ത വിധം ചാർജ് വർദ്ധിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഇത്രയും ക്രൂരമായ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നതെന്തുകൊണ്ടാണ്? നമ്മുടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും സമ്പദ് ഘടനയ്ക്ക് വലിയ

തോതിൽ സംഭാവനകളർപ്പിക്കുന്ന പ്രവാസി സമൂഹത്തോട് ഇങ്ങനെ ചെയ്യാൻ പാടില്ല, ഇത് ശക്തമായി ഉന്നയിക്കുന്നതിൽ നാം പലപ്പോഴും പരാജയപ്പെടുന്നു. സംസ്ഥാന ഗവൺമെന്റ് ചാർജ് വർദ്ധിപ്പിക്കുന്നു എന്നല്ല. പക്ഷെ, സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനെ ശരിയായ വഴിക്ക് നയിക്കാൻ കഴിയുന്നില്ല എന്ന പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ഗൾഫ് രാജ്യങ്ങളിലെ എംബസികളിൽ നിന്ന് പ്രവാസികൾക്ക് നീതി ലഭിക്കുന്നില്ല എന്ന പരാതി വ്യാപകമാണ്. ഗൾഫ് ജയിലുകളിൽ നിസ്സാര കുറ്റങ്ങൾക്ക് അകപ്പെട്ടവർ ഏറെയാണ്. സൗദി അറേബ്യയിലാണ് ഏറ്റവും കൂടുതൽ മലയാളികൾ തടവിൽ കഴിയുന്നത്. അവിടെ അപകട കേസുകളിൽപ്പെട്ട് കോമ്പൻസേഷൻ അടയ്ക്കാൻ കഴിയാത്തവർ ഇപ്പോഴും ജയിലിൽ കിടക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ ഇന്ത്യാ ഗവൺമെന്റ് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഈ ആളുകളുടെ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിൽ നമ്മുടെ എംബസിയും വിദേശകാര്യ മന്ത്രാലയവും ദയനീയമായ പരാജയമാണ് എന്ന് പറയേണ്ടി വരികയാണ്. പ്രവാസി മലയാളികൾക്ക് നിയമസഹായം ഉറപ്പാക്കാൻ ഫലപ്രദമായ യാതൊരു നടപടിയും കേന്ദ്ര സർക്കാർ സ്വീകരിക്കുന്നില്ല. ഇന്ത്യയുടെ അയൽ രാജ്യങ്ങളായ ശ്രീലങ്കയും ബംഗ്ലാദേശും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന രാജ്യമാണ്. പക്ഷെ ഈ രാജ്യങ്ങളിലെ ഗവൺമെന്റുകൾ അവരുടെ പൗരൻമാർക്കുവേണ്ടി ഇത്തരം കാര്യങ്ങളിൽ ഫലപ്രദമായി ഇടപെടുന്നുണ്ടെന്ന് നാം ഓർക്കണം. ഇന്ന് ലോകമാകെ ചർച്ച ചെയ്യുന്നതാണ്, രണ്ട് ഇറ്റാലിയൻ പൗരൻമാർക്ക് എല്ലാ നിയമപരമായ സഹായവു സാമ്പത്തികമായ സഹായവും ഇറ്റലി ഗവൺമെന്റ് കൊടുക്കുന്നു എന്നുള്ളത്. എന്നാൽ നമ്മൾ ഇത്തരം പ്രശ്നങ്ങളിലെല്ലാം മൗനം പാലിക്കുന്നുവെന്നുള്ളതാണ് വളരെ സങ്കടകരമായ കാര്യം. ഗൾഫിൽ

മരിക്കുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിൽ കാര്യമായ സഹായം നമ്മുടെ ഭാഗത്തു നിന്നുണ്ടാകുന്നില്ല. ഇന്ന് രാവിലെ ചർച്ചയിൽ ബഹുമാനപ്പെട്ട നോർക്ക വകുപ്പുമന്ത്രി പറഞ്ഞത് സംഘടനകൾ ചെയ്യുന്നുവെന്നാണ്. തീർച്ചയായും, അവിടത്തെ .സംഘടനകൾ കാര്യമായി ഇടപെടുന്നുണ്ട്. പക്ഷെ ഗവൺമെന്റിന് ഫലപ്രദമായ രീതിയിൽ ഇടപെടാൻ കഴിയുന്നില്ല. ഞാൻ പ്രത്യേകമായൊരു സംഭവം പറയുകയാണ്. 1991-ൽ സൗദി അറേബ്യയിൽ മരിച്ച പാലക്കാട് സ്വദേശിയായ രാഘവൻ എന്നയാളുടെ മൃതദേഹം ഇതുവരെ നാട്ടിലെത്തിയിട്ടില്ല. ആശുപത്രിയിൽ നേരത്തെ ഉണ്ടായിരുന്നു. ഇതിനെക്കുറിച്ച് എംബസിയുമായി ബന്ധപ്പെടുമ്പോൾ ഒരു വിവരവും ലഭിക്കുന്നില്ല. ഇത്തരത്തിൽ നമ്മുടെ പ്രശ്നങ്ങളിൽ കേന്ദ്ര സർക്കാരിനെക്കൊണ്ട് ഇടപെടുവിക്കാൻ നമ്മുടെ സർക്കാരിന് കഴിയേണ്ടതുണ്ട്. സമഗ്രമായ ഒരു കുടിയേറ്റ നിയമം ഉണ്ടാകേണ്ടതുണ്ട്. പ്രവാസികളുടെ പ്രശ്നം പരിഹരിക്കുന്നതിന് ഫലപ്രദമായൊരു കൂടിയാലോചനയും ചർച്ചയും ആവശ്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. വി. അബ്ദുൾഖാദർ: സർ, ഈ പോയിന്റുകൂടി പറഞ്ഞ് ഞാൻ നിർത്താം. ജനുവരി 9-ന് പ്രവാസി ഭാരതീയ ദിവസ് എല്ലാ വർഷവും നമ്മൾ കൊണ്ടാടാറുണ്ട്. സാധാരണ പ്രവാസികൾക്ക് ഒരു താത്പര്യവുമില്ലാത്ത, ഒരു പങ്കുമില്ലാത്ത ചർച്ചയാണ് അന്ന് നടത്താറുള്ളത്. ജയ്പൂരിലും ഡൽഹിയിലും ഉള്ള പഞ്ചനക്ഷത്ര ഹോട്ടലുകളിൽ സാധാരണക്കാർക്ക് പ്രവേശനമില്ലാത്ത ഒരു ചർച്ച. ഇത്തവണ അത് കേരളത്തിൽ നടക്കുകയാണ്. കേരളത്തിൽ ഇത് നടക്കുമ്പോൾ സാധാരണ പ്രവാസികളുടെ പ്രശ്നം ചർച്ച

ചെയ്യാനും, ഏറ്റവും താഴേയ്ക്കിടയിലുള്ള പ്രവാസികളുടെ പ്രശ്നം ചർച്ച ചെയ്യാനും അവസരം നൽകുമോയെന്ന് അവർ ഉറ്റുനോക്കുകയാണ്.

**ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാന്യനായ ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഉന്നയിച്ച വിഷയം സഭയിലെ മുഴുവൻ എം.എൽ.എ -മാരുടെയും ഈ സഭയുടേയും പൊതുവായ വികാരമാണ്. കേരളത്തിൽ നാം ഒരോരുത്തരും ഈ നാട്ടിൽ കാണുന്ന പച്ചപ്പെന്ന സമൃദ്ധിക്ക് കടപ്പെട്ടിരിക്കുന്നത് ഗൾഫിലെ മലയാളികളോടാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ വ്യത്യസ്തമായ മേഖലകളിൽ കാർഷിക രംഗത്തും വ്യാവസായിക രംഗത്തുമെല്ലാം തകർച്ചയുണ്ടായപ്പോഴും തളർച്ചയുണ്ടായപ്പോഴും നമുക്ക് മോചനമുണ്ടായത്, സമൃദ്ധിയുണ്ടായത് ഗൾഫിലെ മലയാളികളുടെ വിയർപ്പിന്റെയും രക്തത്തിന്റെയും വിലകൊണ്ടു തന്നെയാണ്. അത് മറക്കാൻ സാധിക്കില്ല. ഔദ്യോഗികമായ കണക്കനുസരിച്ച് ഏതാണ്ട് 40 ലക്ഷത്തോളം മലയാളികൾ ഗൾഫിൽ മാത്രമുണ്ട്. വ്യക്തമായ കണക്കുകൾ ലഭ്യമല്ല. അവർ അയയ്ക്കുന്ന പണം ഇപ്പോൾ രൂപയുടെ മൂല്യം കുറഞ്ഞതുകൊണ്ട് ഏതാണ്ട് 55,000 കോടി രൂപയാണ് കേരളത്തിലേയ്ക്കുള്ള റെമിറ്റൻസ് മാത്രം കാണുന്നത്, ഒഫിഷ്യൽ ചാനലിലൂടെയുള്ളത്. മറ്റ് ചാനലുകൾ വേറെയാണ്. ഇത്രയേറെ കേരളത്തിന്റെ വികസനത്തിനും കേരളത്തിന്റെ ജീവിത ക്രമത്തിനും സഹായിക്കുന്ന ഒരു സമൂഹത്തോട് അവരുടെ പ്രശ്നങ്ങളിൽ വളരെയേറെ താത്പര്യവും ഉത്കണ്ഠയും കേരളത്തിലെ ഗവൺമെന്റിനുണ്ട്. ഇന്ത്യയിലാദ്യമായി കേരളത്തിലാണ് പ്രവാസി ക്ഷേമ വകുപ്പ് ആരംഭിച്ചത്. അതിന്റെ ചുവട് പിടിച്ചാണ് കേന്ദ്രത്തിൽ പ്രവാസി ക്ഷേമ വകുപ്പ് ആരംഭിച്ചത്. മലയാ

ളിയായ ശ്രീ. വയലാർ രവിയാണ് കേന്ദ്ര പ്രവാസികാര്യവകുപ്പുമന്ത്രി. കേരള നിയമസഭയാണ് പ്രവാസി ക്ഷേമത്തിന് വേണ്ടി കമ്മിറ്റിയുണ്ടാക്കിയത്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയാണ് ആ കമ്മിറ്റിയുടെ ചെയർമാൻ. വ്യത്യ സ്തമായ കാലഘട്ടത്തിൽ കേരളത്തിലെ ഗവൺമെന്റുകൾക്കുള്ള ഉത്കണ്ഠ യാണ് ഈ നടപടിക്കെല്ലാം ആധാരമായ കാര്യം. എയർ ഇന്ത്യ കാണിക്കുന്ന അനീതിയെപ്പറ്റി വ്യാപകമായ പരാതി കേരളത്തിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രി തന്നെ വളരെ ഖണ്ഡിതമായും വ്യക്തമായും എയർ ഇന്ത്യയുടെ അനീതി പൊറുക്കാൻ സാധിക്കില്ലെന്ന് അറിയിച്ചതാണ്. പീക്ക് സീസണി ലാണ് എയർ ഇന്ത്യയുടെ സമരമുണ്ടായത്. എയർ ഇന്ത്യ സമരമുണ്ടായ പ്പോൾ അവർ ക്യാൻസൽ ചെയ്ത സർവ്വീസെല്ലാം ഗൾഫിലെ സർവ്വീസാണ്. മാത്രമല്ല, ആ സമയത്ത് വലിയ ചാർജ്ജ്വർദ്ധനവുമുണ്ടായി. ഇതെല്ലാം ഗൾഫിലെ മലയാളികൾക്ക് പ്രയാസമുണ്ടാക്കിയിട്ടുണ്ട്. ഒരു കാര്യമുള്ളത്, ഇപ്പോഴത്തെ ടിക്കറ്റിംഗ് പോളിസി മാറിയെന്നതാണ്. മുമ്പ് വൺ ഡെസ്റ്റിനേ ഷൻ റ്റു വൺ ഡെസ്റ്റിനേഷനാണ്. ഇപ്പോഴങ്ങനെയല്ല. ഓരോ സമയത്തും ചാർജ് കൂടുകയാണ്. വിമാനത്തിൽ ഡൽഹിക്ക് പോയാൽ മൂന്നു പേരുള്ള സീറ്റിലിരുന്നാൽ മൂന്നുപേർക്കും മൂന്ന് ചാർജാണ്. ആ നയം മാറ്റിയതു കൊണ്ട് വ്യക്തമായ ചാർജ് ലഭിക്കാൻ സാധിക്കുന്നില്ല. എങ്കിലും ഒരു സീലിംഗുണ്ടാകണം. അവസരങ്ങളും സമയങ്ങളും ചൂഷണം ചെയ്തുകൊണ്ട് ഗൾഫ് മലയാളികളെ പിഴിയാൻ പാടില്ലെന്ന അഭിപ്രായം വളരെ ശരിയായ കാര്യമാണ്. അതുകൊണ്ടു തന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഡൽഹിയിൽ പോയി കേന്ദ്രമന്ത്രിമാരെ കണ്ടപ്പോഴും ബഹുമാനപ്പെട്ട പ്രധാനമന്ത്രി കേരളത്തിൽ വന്നപ്പോഴും ബഹുമാനപ്പെട്ട പ്രധാനമന്ത്രി കേരള ത്തിലെ മന്ത്രിസഭാംഗങ്ങളെ കണ്ട സമയത്തുമെല്ലാം ഗൾഫിലെ മലയാളിക

ളുടെ ക്ഷേമ കാര്യങ്ങളെ സംബന്ധിച്ച് ഉന്നയിച്ചതാണ്. അങ്ങ് പറയാത്ത ഒരു വിഷയമുണ്ട്. വിദേശത്തുനിന്ന് സ്വർണ്ണം കൊണ്ടുവരുന്ന കാര്യം. മുമ്പ് ഒരു സ്ത്രീക്ക് 25,000 രൂപയുടെ സ്വർണ്ണവും പുരുഷന് 10,000 രൂപയുടെ സ്വർണ്ണവും കൊണ്ടുവരാൻ സാധിക്കുമായിരുന്നു. ഇന്നിപ്പോൾ ഒരു പവൻ സ്വർണ്ണത്തിന് 25,000 രൂപയായിരിക്കുകയാണ്. താലിമാലപോലും കൊണ്ടുവരാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഇക്കാര്യം ഉന്നയിച്ചുകൊണ്ട് കേരളം ആവശ്യപ്പെട്ടിരിക്കുന്നത് പത്ത് പവൻ സ്വർണ്ണമെങ്കിലും സ്ത്രീകൾക്കും, അഞ്ചു പവൻ സ്വർണ്ണം പുരുഷൻമാർക്കും കൊണ്ടുവരാൻ കഴിയുന്ന തരത്തിൽ ആവശ്യമായ മാറ്റങ്ങൾ നിയമത്തിലുണ്ടാകണമെന്നാണ്. എയർ ഇന്ത്യ കാണിക്കുന്ന അവഗണന കണക്കിലെടുത്തുകൊണ്ടാണ് നേരത്തെ നിർത്തിവച്ച എയർ കേരളയെപ്പറ്റി ആലോചിക്കുന്നത്. അത് ആലോചനയേയുള്ളൂ. ഫൈനലായിട്ടില്ല. എങ്കിലും ഗവൺമെന്റിന്റെ ആഗ്രഹമാണ് ഗൾഫിലെ മലയാളികളുടെ യാത്രാക്ലേശങ്ങളിൽ ഇടപെടാൻ സാധിക്കണമെന്ന കാര്യം. മറ്റൊന്ന, നിയമ സഹായമാണ്. പ്രവാസി ലീഗൽ എയ്ഡ് ഫണ്ടിനുവേണ്ടി ബഡ്ജറ്റിൽ രണ്ടു കോടി രൂപ മാറ്റിവച്ചു. അതായത് ഗൾഫിലെ ജയിലിൽ കഴിയുന്ന ആളുകൾക്ക് ആവശ്യമായ നിയമ സഹായത്തിനുവേണ്ടി. ഡിപ്ലോമാറ്റിക് സ്റ്റാൻഡിൽപ്പെട്ടതുകൊണ്ട് ഇക്കാര്യത്തിൽ സാങ്കേതികമായി കേരള ഗവൺമെന്റിന് നേരിട്ട് ഇടപെടാൻ സാധിക്കില്ല. നമ്മൾ ഇന്ത്യൻ എംബസിയെ സമീപിച്ചപ്പോൾ എംബസി പറയുന്നത് നിങ്ങൾ രണ്ടു കോടി തന്നാൽ ഞങ്ങൾക്ക് ആദ്യം കിട്ടുന്ന അപേക്ഷകന് അത് കൊടുക്കുമെന്നാണ്. അത് കേരളീയനായാലും തമഴ്നാട്ടുകാരനായാലും മഹാരാഷ്ട്രക്കാരനായാലും കൊടുക്കുമെന്നാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ നമ്മൾ കൊടുക്കുന്ന പണം കേരളീയരായ പ്രവാസികളുടെ ലീഗൽ

എയ്ഡിന് വേണ്ടി മാത്രം ചെലവഴിക്കാൻ സാധിക്കില്ലെന്നു വന്നതുകൊണ്ട് ഗവൺമെന്റ് അക്കാര്യം വീണ്ടും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നത് പ്രധാനപ്പെട്ട ജി-6 രാജ്യങ്ങളിലെങ്കിലും ഗൾഫിലെ പ്രധാനപ്പെട്ട മലയാളി സംഘടനയ്ക്ക് പങ്കാളിത്തമുള്ള നോർക്ക അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുക, പ്രധാന സംഘടനയുടെ പങ്കാളിത്തമുണ്ടാക്കുക എന്നതാണ്. ആ കമ്മിറ്റികൾ മുഖേന ഇക്കാര്യത്തിൽ ഗൾഫിലെ പ്രവാസി മലയാളി സമൂഹത്തിന്റെ നിയമ സഹായമാണെങ്കിലും മറ്റു കാര്യങ്ങളായാലും ഇടപെടാൻ ഉദ്ദേശിച്ചുകൊണ്ടിരിക്കുകയാണ്. 1991-നുശേഷം ഉണ്ടായ ആദ്യത്തെ ഗവൺമെന്റല്ല ഇപ്പോഴത്തെ ഗവൺമെന്റ്. ഇന്ന് ഗൾഫിൽ മരണമടയുന്ന ആളുകളുടെ ബോഡി കൊണ്ടുവരാൻ സാധാരണ സഹായിക്കേണ്ടത് ഇന്ത്യൻ എംബസിയാണ്. ഞാൻ ഈ സഭയിൽ പറയുന്നു: സ്പോൺസറും ഇന്ത്യൻ എംബസിയും സഹായിക്കാൻ സാധിക്കില്ലെങ്കിൽ മരണമടഞ്ഞവരുടെ ബോഡി കൊണ്ടുവരാനുള്ള എല്ലാ സാമ്പത്തിക സഹായവും ഗവൺമെന്റ് കൊടുക്കും. ഗവൺമെന്റിലേയ്ക്ക് പരാതി കിട്ടുന്നതുകൊണ്ട് ചില കേസ്സുകളിൽ സഹായവും കൊടുത്തിട്ടുണ്ട്. സാധാരണഗതിയിൽ സ്പോൺസറോ എംബസിയോ സഹായിക്കാറുണ്ട്. സഹായിക്കാത്ത കേസുണ്ടെങ്കിൽ ആ ചുമതല ഗവൺമെന്റ് ഏറ്റെടുക്കുന്നതായിരിക്കും. എംബസിയിലെ സ്റ്റാഫിന്റെ കുറവ് വലിയ പ്രശ്നമാണ്. ഇവിടെ ഗൾഫിലെ മലയാളികളുടെ എണ്ണം വളരെ കൂടുതലാണ്. എന്നാൽ എംബസിയിലെ സ്റ്റാഫ് പാറ്റേൺ വളരെ കുറവാണ്. സാധാരണ മലയാളികൾക്ക് ഇംഗ്ലീഷോ ഹിന്ദിയോ അറിയില്ല. അതുകൊണ്ട് അവരുടെ ഇന്ററാക്ഷനു വേണ്ടി ഗൾഫിലെ പ്രധാനപ്പെട്ട ഇന്ത്യൻ എംബസികളിൽ മലയാളം അറിയാ

വുന്ന ഒരു സീനിയർ ഉദ്യോഗസ്ഥനെ നിയമിക്കാൻ തയ്യാറാകണമെന്ന് നമ്മൾ ആവശ്യപ്പെട്ടതാണ്. അതുപോലെ പി.ബി.ഡി. (പ്രവാസി ഭാരതീയ ദിവസ്) യുടെ കാര്യം പറഞ്ഞു. പി.ബി.ഡി., ആദ്യമായി ഗൾഫിൽ നടക്കാൻ പോകുകയാണ്. 11-ാമത്തെ പി.ബി.ഡി. നടക്കുന്നത് 2013 ജനുവരി 7, 8, 9 തീയതികളിലാണ്. 7-ാം തീയതി ഒരു ഗൾഫ് സെഷൻ ഉദ്ദേശിച്ചിട്ടുണ്ട്. ആ ഗൾഫ് സെഷനിൽ ബഹുമാന്യനായ മുഖ്യമന്ത്രിയും കേന്ദ്ര പ്രവാസികാര്യ മന്ത്രിയും മറ്റ് ബന്ധപ്പെട്ടവരും പങ്കെടുക്കും. ആ സെഷനിലേയ്ക്കുള്ള ഫീസ് 1000 രൂപയാക്കി കുറച്ചിട്ടുണ്ട്. ആ ഫുൾ ഡേ സെഷനിൽ തീർച്ചയായും പങ്കെടുക്കാൻ അവസരമുണ്ടാകും. പി.ബി.ഡി.-യുടെ പൊതുവായ രജിസ്ട്രേഷന് വിധേയമായിരിക്കുകയില്ല; പക്ഷേ കേരളത്തിലെ സാഹചര്യം കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ മലയാളി സമൂഹത്തിനുവേണ്ടിയാണ് ഈ കുറവ് വരുത്തിയിട്ടുള്ളത്. തീർച്ചയായും ആ സമ്മേളനത്തിൽ ഗൾഫിലെ മലയാളി സമൂഹത്തിന്റെ ആവശ്യങ്ങൾ ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാൻ ശ്രമങ്ങൾ ഉണ്ടാകുമെന്ന് അറിയിക്കുകയാണ്. ഇവിടെപ്പറഞ്ഞ ഓരോ കാര്യങ്ങളും ആവർത്തിക്കുന്നില്ല. യു.എ.ഇ.-ലെ ആംനസ്റ്റിക്കാര്യങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞില്ല. ഇന്ന് പൊതുമാപ്പ് കൊടുത്തിട്ടുണ്ട്. ആദ്യമായി അവിടെപ്പോയത് നോർക്ക ഉദ്യോഗസ്ഥന്മാരാണ്, അവിടെപ്പോയി എല്ലാ മലയാളി സംഘടനകളേയും കണ്ടു. പൊതുമാപ്പിന് വിടുന്ന ആൾക്കാർക്ക് വിസ പുതുക്കുന്നതിനുവേണ്ടി 69 ദിർഹം അവർ ഫീസ് നിശ്ചയിച്ചു. പാവപ്പെട്ടവർ അവിടെ ജോലിയില്ലാതെ കഴിയുകയാണ്. മടങ്ങിപ്പോകാൻ ആഗ്രഹിക്കുമ്പോൾ അവിടെയും ഫീസ് ഏർപ്പെടുത്തിയത് പിൻവലിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അഥവാ പിൻവലിച്ചില്ലെങ്കിൽ മുഴുവൻ പണവും കൊടുക്കാൻ

കേരള ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. മന്ത്രിസഭായോഗം ചേർന്ന് അതിനു വേണ്ടി ഒന്നാം ഘട്ടമായി 20 ലക്ഷം രൂപ അനുവദിച്ചു. പക്ഷേ കേന്ദ്ര ഗവൺമെന്റ് തന്നെ ആ നയം പുന:പരിശോധിച്ചു; ആ പണം ഈടാക്കുന്നില്ല എന്നാണ് ഇപ്പോൾ അറിയുന്നത്. ഇങ്ങനെയുള്ള സാഹചര്യങ്ങളുണ്ട്. തീർച്ചയായിട്ടും മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഗൾഫിലെ മലയാളികളോട് കടപ്പാടുണ്ട്. അവരുടെ ഓരോ പ്രശ്നങ്ങളും ഇവിടെ സൂചിപ്പിക്കുന്നതുകൊണ്ട് നോർക്ക ഇന്ന് സജീവമാണ്. തീർച്ചയായും എന്തെങ്കിലും വിഷയങ്ങൾ ചൂണ്ടിക്കാണിച്ചാൽ അതിനുള്ള സംവിധാനമുണ്ട് എന്നറിയിച്ചുകൊണ്ട് ഗൾഫിലെ മലയാളി സമൂഹത്തിന്റെ ഓരോ വിഷയങ്ങളിലും സംസ്ഥാന ഗവൺമെന്റിന്റെ സജീവമായ താല്പര്യം അറിയിച്ചുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പറഞ്ഞതിൽ ഒരു ചെറിയ തെറ്റ് ഞാൻ തിരുത്തുകയാണ്. പ്രവാസിക്ഷേമ സമിതിയുടെ ആദ്യത്തെ ചെയർമാൻ ഞാനാണ്. 6 മാസമേ ഉണ്ടായിരുന്നുവെങ്കിലും സമിതിയുടെ ആദ്യത്തെ ചെയർമാൻ ഞാനാണ്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇപ്പോഴത്തെ ചെയർമാനാണ്. 1000 രൂപയ്ക്ക് കേരളീയ സെഷൻ നടക്കുമെന്ന് അങ്ങ് ഇപ്പോൾ പറഞ്ഞു. ഗൾഫ് സംഘടനകളാണ് ഈ പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ ഉന്നയിക്കുകയും മറ്റും ചെയ്യുന്നത്. അപ്പോൾ ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികൾക്കും അതോടൊപ്പം കേരളത്തിൽ തിരിച്ചുവന്ന പ്രവാസികളുടെ സംഘടനാപ്രതിനിധികൾക്കും ഇതിൽ പങ്കെടുക്കാനുള്ള ഒരവസരം ഈ ദിവസം ഉണ്ടാക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അതിന് ഓൺലൈൻ രജിസ്ട്രേഷനാണ്. ആർക്കും പങ്കെടുക്കാം. ഓൺലൈനിൽ 1000 രൂപ അടച്ച് രജിസ്റ്റർ ചെയ്താൽ മടങ്ങിവന്നവർക്കും ഗൾഫിലുള്ളവർക്കും സംഘടനയ്ക്കും വ്യക്തിക്കും ആർക്കും പങ്കെടുക്കാൻ അവസരമുണ്ടാകും.

**(2) പമ്പാ ആക്ഷൻ പ്ലാൻ**

ശ്രീ. കെ. ശിവദാസൻ നായർ: സർ, കേന്ദ്ര ഗവൺമെന്റ് പമ്പാ ആക്ഷൻ പ്ലാൻ അനുവദിച്ചിട്ട് കാലം കുറേയായി. ഇതുവരെയും ഇതിന്റെ ആദ്യഘട്ടം പോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ടി. എം. ജേക്കബ് ജലസേചന മന്ത്രിയുമായിരുന്ന കാലത്താണ് ഇത് അനുവദിച്ചത്. അന്ന് മാവേലിക്കര എം.പി.-യായിരുന്ന ശ്രീ. രമേശ് ചെന്നിത്തല വളരെയധികം താല്പര്യമെടുത്ത് കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. ടി. ആർ. ബാലുവിനെ ശബരിമലയിൽ കൊണ്ടുവരികയും അതിനുശേഷം പൊല്യൂഷൻ കൺട്രോൾ ബോർഡ് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് അയച്ചുകൊടുക്കുകയും ചെയ്തി. ശ്രീ. ടി. ആർ. ബാലു നേതൃത്വം കൊടുക്കുന്ന ആ ഡിപ്പാർട്ട്മെന്റ് അത് അംഗീകരിച്ചു. കേരളത്തിലെ 46 നദികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു നദിയായ പമ്പാ നദിയുടെ സംരക്ഷണത്തിനായാണ് 470 കോടി രൂപയുടെ ഈ പദ്ധതി അംഗീകരിച്ചത്. നാഷണൽ റിവർ കൺസർവേഷൻ അതോറിറ്റിയാണ് ഇത് ഏറ്റെടുത്തത്. 70% കേന്ദ്രവിഹിതവും, 30% സംസ്ഥാനവിഹിതവും എന്നതായിരുന്നു ഈ പദ്ധതിയുടെ ഫണ്ട് അലോക്കേഷൻ. ഇതിന്റെ ആദ്യ ഗഡുവായി 18.5 കോടി രൂപ കേന്ദ്രം അലോട്ട് ചെയ്തു. ഇതിന്റെ തുടക്കം മുതൽ ഒരല്പം പാളിച്ചയുണ്ടായി. പ്രോജക്ട് തയ്യാറാക്കാൻ നമ്മൾ ഇറിഗേഷൻ വകുപ്പിലെ എൻജിനീയഴ്സിനെയാണ്

ഉദ്ദേശിച്ചത്. അതുകൊണ്ട് തന്നെ കൂടുതൽ കൽക്കെട്ടുകൾ, നദിയിലെ കെട്ടുകൾ എന്നിവയൊക്കെയാണ് കൂടുതലായി ഈ പ്രോജക്ടിലുണ്ടാക്കിയത്. കേന്ദ്രഗവൺമെന്റ് പലപ്പോഴായി അത് ഒബ്ജക്ട് ചെയ്യുകയാണ്. നദിയിലേയ്ക്ക് വരുന്ന മാലിന്യങ്ങൾ ഒഴിവാക്കുക, നദിയുടെ ഇരുവശത്തുമുള്ള പഞ്ചായത്തുകളിൽ മാലിന്യസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുക, പുഴയോരങ്ങളിൽ മുള വച്ചുപിടിപ്പിക്കുക, പുൽമേടുകൾ വയ്ക്കുക ഇതിനൊക്കെ പ്രാധാന്യം കൊടുക്കണമെന്നതായിരുന്നു പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. പമ്പാ നദിയുടെ ഇരുകരകളിലുമുള്ള മുഴുവൻ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും കുടിവെള്ളം ഈ നദിയിൽ നിന്നാണ്. ഇന്ന് കോളിഫോം ബാക്ടീരിയ ഏറ്റവും കൂടുതലുള്ള നദി പമ്പാ നദിയായി മാറിയിരിക്കുകയാണ്. അത്രത്തോളം മലിനമാണ്. ഈ നദി മാലിന്യവിമുക്തമാക്കുന്നതിന് നമുക്ക് കിട്ടിയ സുവർണ്ണാവസരം നമ്മൾ പാഴാക്കിക്കളഞ്ഞു. 18.5 കോടി രൂപ കേന്ദ്രഗവൺമെന്റ് തന്നു. ശബരിമലയിലാണ് ഈ പദ്ധതിയുടെ ആദ്യഘട്ടം നടത്തേണ്ടത്. ഇറിഗേഷൻ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന പണികൾ നടത്തി. കുറേ പണികൾ ദേവസ്വം ബോർഡാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ദേവസ്വം ബോർഡ് ചെയ്യേണ്ടിയിരുന്ന പണികൾ ഒന്നും ചെയ്തില്ല. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റായിരുന്നു ദേവസ്വം ബോർഡ് പ്രധാനമായും പണിയേണ്ടിയിരുന്നത്. അതൊന്നും ചെയ്തില്ല. അന്നത്തെക്കാലത്ത് അതിന് പ്രത്യേകമായി അഞ്ചുകോടി രൂപ ഇയർമാർക്ക് ചെയ്തു; ഇന്ന് അഞ്ചുകോടി രൂപകൊണ്ട് തീരില്ല. ഓരോ ശബരിമല അവലോകന യോഗത്തിലും ഈ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനെ സംബന്ധിച്ച് ആരെങ്കിലും ചോദ്യം ചോദിക്കുകയും മറുപടി പറയുകയും

അത് അവിടെ അവസാനിക്കുകയും ചെയ്യും. പക്ഷെ പദ്ധതി ഇതുവരെയും നടപ്പിലാക്കിയില്ല. ഇത്രയും വലിയ ഒരു പദ്ധതി നടപ്പിലാക്കുന്നതിൽ നമ്മൾ എത്രമാത്രം വീഴ്ച വരുത്തി എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണിത്. ഇത് പമ്പയ്ക്കു വേണ്ടി മാത്രമുള്ളതല്ല. റാംസർ സൈറ്റിൽ ഉൾപ്പെട്ട വേമ്പനാട് കായലിന്റെ പരിശുദ്ധി എന്നതും ഇതിന്റെ ഭാഗമാണ്. കുട്ടനാടൻ ജലസ്രോതസ്സിന്റെ പരിശുദ്ധി, ഇതെല്ലാം പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങളായിരുന്നു ഒരു നദി മരിച്ചാൽ ഒരു സംസ്ക്കാരം നശിക്കും എന്നാണ്. ദക്ഷിണ ഗംഗ എന്നറിയപ്പെടുന്ന പമ്പ അത്തരത്തിൽ ഏറ്റവും സംസ്ക്കാര സമ്പന്നമായ ഒരു ഭൂപ്രദേശത്തു കൂടിയാണ് ഒഴുകുന്നത്. പക്ഷേ ഈ പമ്പാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിൽ വളരെ ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. ഇപ്പോൾ ഇത് ഒരു തരത്തിലും മുന്നോട്ടുപോകാനാകാത്ത അവസ്ഥയാണ്. ഇതിന്റെ പദ്ധതി എങ്ങും എത്തില്ലെന്ന തീരുമാനത്തോടുകൂടി ഫയൽ അടച്ചുവച്ചിരിക്കുകയാണ്. ഇത് മുന്നോട്ടുപോകുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രി ചെയർമാനായി ഒരു റിവർ അതോറിറ്റി രൂപീകരിച്ചു. അതു കൂടുന്നുമില്ല, കൂടാനുള്ള ഉദ്ദേശവും നിർദ്ദേശവും അതിലില്ല. ഇത് എങ്ങനെ നടപ്പിലാക്കാൻ കഴിയും എന്നുള്ളതിന് സംബന്ധിച്ച് ഗൗരവമായി ആലോചിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഈ പദ്ധതിയുടെ കാലാവധി അവസാനിപ്പിച്ചതുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ പ്രത്യേകം സമ്മർദ്ദം ചെലുത്തിയെങ്കിൽ മാത്രമേ പണം കിട്ടുകയുള്ളൂ. ആദ്യത്തെ ഗഡുവായ 18.5 കോടി രൂപയുടെ പണി തീർന്നുവെന്നോ അല്ലെങ്കിൽ അത് ഉപയോഗിച്ചുവെന്നോ അറിയിച്ചെങ്കിൽ മാത്രമേ അവിടെ നിന്ന് അടുത്ത ഘട്ടം അനുവദിക്കുകയുള്ളൂ. അതിനുപോലും

നമ്മളെക്കൊണ്ട് കഴിയാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് അടിയന്തിരമായി ഇക്കാര്യത്തിൽ ഒരു ശ്രദ്ധയുണ്ടാകണം. ഇത് നടപ്പിലാക്കുന്നതിന് എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്നതിനെക്കുറിച്ച് വ്യക്തമാക്കണം. മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റി ഇതിനുവേണ്ടി മാത്രമായി പ്രത്യേക യോഗം ചേരുന്നതിന് അടിയന്തിര തീരുമാനം ഉണ്ടാകണമെന്നു കൂടി ഈ അവസരത്തിൽ പറയുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ പ്രത്യേകമായ താല്പര്യം കാണിക്കണമെന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്.

## പമ്പാ ആക്ഷൻ പ്ലാൻ

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പമ്പാ നദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനായി 2001-ൽ പമ്പാ ആക്ഷൻ പ്ലാനെന്ന പദ്ധതിക്ക് 319.7 കോടി രൂപയുടെ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തിനായി സമർപ്പിക്കുകയുണ്ടായി. ഈ പദ്ധതി നദികടന്ന് പോകുന്ന ജില്ലകളിലെ എം.പി., എം.എൽ.എ-മാർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവരെയും കേരള മലിനീകരണ നിയന്ത്രണ ബോർഡ്, ജലവിഭവ വകുപ്പ്, തിരുവിതാകൂർ ദേവസ്വം ബോർഡ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. എന്നാൽ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ച 319.7 കോടി രൂപയുടെ പദ്ധതിക്ക് ആദ്യഘട്ടത്തിൽ അംഗീകാരം ലഭിച്ചത് 18.45 കോടി രൂപയ്ക്കാണ്. 12 പ്രവൃത്തികളാണ് ഇതിലുള്ളത്. സന്നിധാനത്ത് അഞ്ച് എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണവും അതുമായി ബന്ധപ്പെട്ട് മറ്റ്

പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ ദേവസ്വം ബോർഡ് സ്വീകരിച്ചുവരുന്നു. ശബരിമലയിൽ 300-കക്കൂസുകളും പമ്പയിൽ 400 കക്കൂസുകളും 100 കുളിമുറികളും ഖരമാലിന്യ സംസ്ക്കരണവും ദേവസ്വം ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. ശബരിമലയിലും പമ്പയിലും മൊബൈൽ കക്കൂസുകൾ പ്രായോഗികമല്ലായെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. കാക്കാത്തോടിലും, ഒരുകുഴിതീർത്ഥം തോടിലും വിയറുകളുടെ നിർമ്മാണവും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശത്തെത്തുടർന്ന് വേണ്ടെന്ന് വച്ചിട്ടുണ്ട്. പമ്പയിൽ കുളിക്കടവ്, തടയണ നിർമ്മിക്കൽ തുടങ്ങിയവയ്ക്കായി 1.73 കോടി രൂപയുടെ പ്രവൃത്തികൾ ജലസേചന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ആകെ 7.68 കോടി രൂപയുടെ പണികൾ ഇതുവരെ പൂർത്തീകരിച്ചു. പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടാം ഘട്ടം പ്രവർത്തനത്തിൽ എല്ലാ ഡിപ്പാർട്ട്മെന്റിനേയും ഏകോപിപ്പിച്ചുകൊണ്ട് ഒരു റോഡ് മാപ്പ് യൂറോപ്യൻ യൂണിയന്റെ സഹായത്തോടുകൂടി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ Pamba River Basin Authority Project Director-ടെ മേൽനോട്ടത്തിൽ എല്ലാ വകുപ്പുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഓഫീസ് പമ്പാനദിയുടെ കരയിൽ സ്ഥാപിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. 950 കോടി രൂപയുടെ പ്രവൃത്തികൾ നടത്തുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന് 2011-ആഗസ്റ്റ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല. പൊതുജന ബോധവത്ക്കരണം, പമ്പാനദിയുടെ ഇരുകരകളിലുമുള്ള തീർത്ഥാടകരുടെ സൗകര്യാർത്ഥം ശൗചാലയങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, ഖരമാലിന്യ സംസ്കരണം, ഓടകളുടെ

നിർമ്മാണം, വനവത്ക്കരണവും പാർക്കുകളും, സംരക്ഷണ ഭിത്തി നിർമ്മാണം, നദിയുടെ ആഴം നിലനിർത്തുന്നതിനുള്ള പദ്ധതികൾ, നദികളുടെ അതിർത്തി നിർണ്ണയവും അതിരുകല്ല് സ്ഥാപിക്കലും, വൈദ്യുതി ശമ്ശാന ങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങളുടെ സംസ്കരണ പദ്ധതി, ആധുനിക അറവുശാലകളുടെ നിർമ്മാണം, വൈദ്യുതി ലൈനുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 950 കോടി രൂപ യുടെ പദ്ധതി കഴിഞ്ഞ ഓഗസ്റ്റ് മാസത്തിലാണ് കേന്ദ്രത്തിൽ സമർപ്പിച്ചത്. അതിന്റെ തീരുമാനം കാത്തിരിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നും സമ്മർദ്ധം ഉണ്ടെങ്കിൽ മാത്രമേ എന്തെങ്കിലും ചെയ്യുവാൻ കഴിയുകയുള്ളൂ. മുഖ്യമന്ത്രി ഇക്കാര്യ ത്തിൽ ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശബരിമലയുടെ പ്രാധാന്യം കൂടി കണക്കിലെടുക്കുമ്പോൾ പമ്പാ ആക്ഷൻ പ്ലാനിന് വളരെ കൂടുതൽ പ്രാധാന്യമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ നേരത്തേ നമുക്ക് അനുവദിച്ച തുക വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ജലവിഭവവകുപ്പുമന്ത്രി വളരെ വിശദമായി മറുപടി പറഞ്ഞു. ഇതിന്റെ പ്രാധാന്യം  പൂർണ്ണമായും ഉൾക്കൊള്ളുന്നുണ്ട്. പമ്പാനദി പൂർണ്ണ മായും മലിനരഹിതമാക്കുന്നതിന്, നല്ലനിലയിൽ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. ശിവദാസൻ നായർ: മന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര മായി ഒരു മീറ്റിംഗ് വിളിക്കുവാൻ തയ്യാറാകുമോ?

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കേന്ദ്രത്തിൽ സമർപ്പിച്ചിരിക്കുന്ന 950 കോടി രൂപയുടെ ക്ലിയറൻസാണ് ഇനി ആവശ്യമായിട്ടുള്ളത്. ദേവസ്വം ബോർഡിന്റെ സ്വിവറേജ് പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. എന്തായാലും ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്നതാണ്.